പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2853 20/03/2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

# രജിസ്ററർ ചെയ്യപ്പെട്ട ആധാരങ്ങൾ അടിയന്തിരമായി പോക്കുവരവ് നടത്തുന്നത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഇ ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) വസ്തുകൈമാറ്റം സംബന്ധിച്ച ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞാൽ ജമമാറ്റം (പോക്കുവരവ്) നടത്തി കരം പുതിയ ഉടമയുടെ പേരിൽ തീർക്കുന്നതിനുള്ള നടപടി ഒരു മാസം കഴിഞ്ഞു മാത്രമേ പാടുള്ളൂ എന്നതു സംബന്ധിച്ച് ഉത്തരവുകളോ സർക്കുലറുകളോ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) 02/07/2011 ലെ 2589/ഇ3/2010/റവന്യൂ നമ്പർ സർക്കുലർ പ്രകാരം ആധാരം രജിസ്റ്റർ ചെയ്ത ശേഷമുള്ള അപ്പീൽ കാലാവധിയായ ഒരു മാസത്തിനുള്ളിൽ യാതൊരു കാരണവശാലും പോക്കുവരവ് നടത്താൻ പാടുള്ളതല്ലായെന്ന് വ്യവസ്ഥ ചെയ്തിരുന്നു (സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). എന്നാൽ 21/01/2015 ലെ 19561/ഇ3/2014/റവന്യൂ നമ്പർ സർക്കുലർ പ്രകാരം ടി വ്യവസ്ഥ റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) ഒരു മാസത്തിനകം പോക്ക് വരവ് നടത്തി എന്ന കാരണത്താൽ ഏതെങ്കിലും വില്ലേജ് ഓഫീസർമാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഒരു മാസത്തിനകം പോക്കുവരവ് നടത്തി എന്ന കാരണത്താൽ സംസ്ഥാനത്ത് വില്ലേജ് ഓഫീസർമാർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) പ്രമാണം രജിസ്റ്റർ ചെയ്ത് പോക്കുവരവ് നടത്തുന്നതിന് ഒരു മാസം സമയപരിധി വച്ചിട്ടില്ല എങ്കിൽ പല വില്ലേജ് ഓഫീസർമാരും തഹസീൽദാർമാരും ഇപ്രകാരം നിർബന്ധം പിടിക്കുന്നതിന് കാരണം അറിയിയ്ക്കുമോ; ഇത് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ;<br><br>(ഡി) അടിയന്തിര ആവശ്യങ്ങൾക്ക് വസ്തു കൈമാറ്റം ചെയ്തതിനു ശേഷം കാലാവധിക്കായി കാത്തിരിക്കുന്ന പ്രസ്തുത സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) & (ഡി) 02/07/2011 ലെ 2589/ഇ3/2010/റവന്യൂ നമ്പർ സർക്കുലർ പ്രകാരം പോക്കുവരവ് അപേക്ഷ പരിഗണിക്കുന്നതിന് നിശ്ചയിച്ചിരുന്ന ഒരു മാസ സമയ പരിധി 21/01/2015 ലെ 19561/ഇ3/2014/റവന്യൂ നമ്പർ സർക്കുലർ പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ